
# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 | Issue No. 9 | September 2022 | Rs. 15/-

എറണാകുളം - അങ്കമാലി അതിരൂപത

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

**ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് പിതാവിന്**

സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!!!



www.ernakulamarchdiocese.org



എറണാകുളം – അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള
മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി സേവനമനുഷ്ഠിച്ച

**ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവിന്**

അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 9 September 2022 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സിനഡനന്തര സർക്കുലർ
14. Decree - Apostolic Administrator
22. സർക്കുലർ 07/2022- അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
25. കച്ചേരിക്കാര്യം
    - അനുമോദനങ്ങൾ
    - നന്ദി
    - Election committee for Presbyteral Council
31. Transfers/Appointments
33. വാർത്തകളും വിശേഷങ്ങളും
35. വിശ്വാസപരിശീലന കേന്ദ്രം
39. നിര്യാതരായി
40. ഫാമിലി അപ്പോസ്റ്റലേറ്റ്
41. ബൈബിൾ അപ്പോസ്റ്റലേറ്റ്
42. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
45. AICO
46. നൈപുണ്യ ഇന്റർനാഷണൽ
49. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Archbishop Joseph Chennoth, Kokkamangalam | 1943 | 1969 | 8-9-2020 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Joseph Valavi, Ernakulam | 1950 | 1977 | 22-9-2021 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

Prot. No. 0828/2022

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർതോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തി

ലാണു നാം മനസ്സിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനരർപ്പണം ചെയ്യാനും മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

## കർഷകരും തീരദേശവാസികളും

കുടിയേറ്റ കർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണു കടന്നുപോകുന്നത് എന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃഖകരമാണ്. 1977-ന് മുൻപു പട്ടയം ലഭിച്ച കുടിയേറ്റ കർഷകരെ വനം കയ്യേറിയവരായി ചിത്രീകരിച്ചു പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റ കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനംവകുപ്പിനെമാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൃഷി, റവന്യൂ വകുപ്പുകൾക്കൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോമലബാർ സഭാസിനഡ് കേരളസർക്കാറിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിനു സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീരദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോരകർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരം ആവശ്യമാണ്.

**ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം**

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു. വിവിധ മത്സര, പ്രവേശന പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ

മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

## യാമപ്രാർത്ഥനകളുടെ നവീകരണം

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോയാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോ മലബാർസഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## എറണാകുളം-അങ്കമാലി അതിരൂപത

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (*sede plena*) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ

ഭരണം നിർവ്വഹിക്കാൻ താൻ കടപ്പെട്ടവനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മറന്ന് ഒരുമനസ്സോടെ സഹകരിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിനു മുമ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

**ആദരങ്ങളും ബഹുമതികളും**

സീറോമലബാർസഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി 'പൗരസ്ത്യരത്നം' അവാർഡ് ഏർപ്പെടുത്താൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമപൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് 'പൗരസ്ത്യരത്നം' അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതിയുടെ നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു!

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ. പി.യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ്

ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീൻബന്ധു സമാജ് സന്യാസ സമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം അനുസ്മരിക്കുന്നു.

## പുതിയ ഇടയന്മാർ

ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ട് സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973-ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ല

യിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ് മാർപ്പാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

**വിരമിക്കൽ**

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷ ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നുവിരമിച്ച അഭിവന്ദ്യ

മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘ നീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താത്പര്യത്താൽശുശ്രൂഷയിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ്പു സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്നനിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്നനിലയിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിതവഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

**യുവജനപ്രേഷിതത്വം**

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോമലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലേയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാ

ലനയ്ക്കു നമുക്ക് നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022-ാം ആണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

..................................

N.B.: ഈ സർക്കുലർ 2022 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

Prot. N. 130/2022

## DICASTERIUM PRO ECCLESIIS ORIENTALIBUS

---

## DECRETUM

Quo melius prospiceretur spirituali bono christifidelium Archieparchiae Ernakulamensis-Angamaliensis Ecclesiae Syro-Malabarensis,

**SUMMUS PONTIFEX FRANCISCUS PP.**

Administratorem Apostolicum *sede plena* praefatae Archieparchiae, ab hodierna die et ad nutum Sanctae Sedis, Exc.mum D. **Andrews Thazhath,** Archiepiscopum Metropolitanum Trichuriensem, nominat ac constituit, eique iura, facultates et onera tribuit quae Episcopis eparchialibus, ad normam sacrorum canonum, competunt.

Contrariis quibusvis minime obstantibus.

Datum Romae, ex aedibus Dicasterii pro Ecclesiis Orientalibus,
die 30 mensis Iulii A.D. 2022.

✠ Leonardus Card. Sandri
Praefectus

Rev. Flavius Pace
Subsecretarius

Prot. N. 130/2022

DICASTERIUM PRO ECCLESIIS ORIENTALIBUS

DECREE

In order that it may serve better the spiritual good of the Faithful of the Archeparchy of Ernakulam-Angamaly of the Syro-Malabar Church,

**SUPREME PONTIFF POPE FRANCIS PP.**

Nominates and constitutes **Most Rev. Mar Andrews Thazhath**, the Metropolitan Archbishop of Trichur, Apostolic Administrator *sede plena* of the Archeparchy with effect from this day and as per the direction of the Holy See and confers him all the rights, faculties and duties which the Eparchial Bishops are endowed with as per norms of the Sacred Canons.

All contrary dispositions notwithstanding.

Given at Rome from the office of the Dicastery for the Oriental Churches.

Dated 30th July 2022.

Sd/-
Leonard Card. Sandri
Prefect

Sd/-
Rev. Flavius Pace,
Undersecretary

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

July 30, 2022

Prot. N. 130/2022

Your Grace,

I thank you for accepting the appointment as Apostolic Administrator "*Sede Plena*" of the Archeparchy of Ernakulam-Angamaly, without prejudice to your office of Metropolitan Archbishop of Trichur, as per canon 234 of the *Codex Canonum Ecclesiarum Orientalium*.

His Holiness Pope Francis entrusts to Your Grace the administration of the Archeparchy of Enakulam-Angamaly with all the faculties given by canon law to the Eparchial Bishop, in order to facilitate the resolution of the problems of governance and discipline experienced in the Archeparchy.

This Dicastery trusts that, docile to the decision of the Holy Father, the priests, religious and lay faithful of the Archeparchy will cooperate with Your Grace and support you by their prayer, words and actions.

At your discretion, Your Grace may consult the Major Archbishop, who will not be directly involved in the decision-making process regarding the Archeparchy.

On the other hand, His Beatitude will maintain the prerogative of liturgical presidency as the Major Archbishop and Metropolitan Archbishop of Ernakulam-Angamaly.

Your Grace may also consult and inform the Synod of Bishops and the Permanent Synod, but will be responsible directly to the Apostolic See.

In order to ensure a renewed spirit in the administration of the Archeparchy, Your Grace may reconstitute the Archeparchial Curia. Considering the size and complexity of the Archeparchy of Ernakulam-Angamaly, as well as your concurrent duties as Metropolitan Archbishop of Trichur, Your Grace could consider assigning *Syncelli* with defined competences for specific areas, always guaranteeing the proper coordination.

./.

---

His Excellency The Most Reverend
Msgr. Andrews THAZHATH
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
THRISSUR 680 005 - Kerala, India

**CONGREGATION FOR THE EASTERN CHURCHES**

00193 Roma
Via della Conciliazione 34
00120, Vatican City

Prot. N. 130/2022

July 30, 2022

അഭിവന്ദ്യ പിതാവേ,

തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് എന്ന അങ്ങയുടെ പദവിക്കു വിരുദ്ധമാകാത്തവിധത്തിൽ, പൗരസ്ത്യസഭാനിയമസംഹിതയിലെ 234-ാം നമ്പർ കാനൻ പ്രകാരം എറണാകുളം-അങ്കമാലി അതിരൂപതയുടെ *സേദേ പ്ലേന* അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായുള്ള നിയമനം സ്വീകരിച്ചതിന് അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന ഭരണപരവും അച്ചടക്കപരവുമായ പ്രശ്നങ്ങളുടെ പരിഹാരം സുഗമമാക്കുന്നതിനുവേണ്ടി, സഭാനിയമം ഒരു രൂപതാമെത്രാനു നൽകിയിരിക്കുന്ന എല്ലാ അധികാരത്തോടുംകൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ അതിരൂപതയുടെ ഭരണനിർവ്വഹണം അഭിവന്ദ്യ പിതാവിനെ ഭരമേൽപ്പിക്കുന്നു.

പരിശുദ്ധ പിതാവിന്റെ തീരുമാനത്തോടു വിധേയപ്പെട്ടുകൊണ്ട് അതിരൂപതയിലെ വൈദികരും സമർപ്പിതരും അല്മായരും അവരുടെ പ്രാർത്ഥനയും വാക്കുകളും പ്രവർത്തികളുംവഴി അഭിവന്ദ്യ പിതാവിനോടു സഹകരിക്കുകയും അങ്ങയെ പിന്തുണയ്ക്കുകയും ചെയ്യുമെന്ന് ഈ കാര്യാലയം പ്രത്യാശിക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ വിവേചനമനുസരിച്ച് മേജർ ആർച്ചുബിഷപ്പിനോട് ആലോചന തേടാവുന്നതാണ്; അതിരൂപതയെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന നടപടിക്രമങ്ങളിൽ മേജർ ആർച്ചു ബിഷപ്പ് നേരിട്ട് ഇടപെടുന്നതല്ല.

നേരേമറിച്ച്, മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമെന്ന നിലയിൽ തന്റെ പ്രത്യേകാവകാശമായ ആരാധനകർമ്മങ്ങളിലെ അധ്യക്ഷസ്ഥാനം മേജർ ആർച്ചുബിഷപ്പ് നിലനിർത്തുന്നതാണ്.

അഭിവന്ദ്യ പിതാവിനു മെത്രാൻ സിനഡുമായും സ്ഥിരം സിനഡുമായും കൂടിയാലോചിക്കാവുന്നതാണ്; എന്നാൽ പരിശുദ്ധ സിംഹാസനത്തോടാണ് അങ്ങു നേരിട്ട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നത്.

അതിരൂപതയുടെ ഭരണനിർവ്വഹണത്തിൽ നവീകരണത്തിന്റെ ചൈതന്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി അഭിവന്ദ്യ പിതാവിന് അതിരൂപതാക്കച്ചേരി പുനഃസംഘടിപ്പിക്കാവുന്നതാണ്. അതിരൂപതയുടെ വലിപ്പവും സങ്കീർണ്ണതയും അതോടൊപ്പം തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് എന്ന അങ്ങയുടെ നിലവിലെ ഉത്തരവാദിത്വവും കണക്കിലെടുത്ത്, ശരിയായ ഏകോപനം എപ്പോഴും ഉറപ്പുവരുത്തികൊണ്ട് നിർദിഷ്ട മേഖലകൾക്കായി സിഞ്ചെല്ലൂസുമാരെ നിശ്ചയിക്കപെട്ട അധികാരങ്ങൾ ഏൽപ്പിക്കുന്ന കാര്യം അഭിവന്ദ്യ പിതാവിനു പരിഗണിക്കാവുന്നതാണ്.

./.

---------------------------------------

His Excellency The Most Reverend
Msgr. Andrews THAZHATH
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
THRISSUR 680 005 - Kerala, India

CONGREGATIO
PRO ECCLESIIS ORIENTALIBUS



With particular respect to liturgical matters, Your Grace is to ensure effective catechesis for following the Synodal Decisions on Liturgy and the directives of the Apostolic See. When granting dispensations in accordance with can. 1538 §1 *CCEO*, Your Grace should follow the specifications given by the Holy Father in the Paternal Exhortation dated 25 March 2022 and the letter (Prot. N. 248/2004) of this Dicastery dated 9 November 2020. Dispensations may be given to parishes in a "special case", for well-defined times, even longer than heretofore established, and for specific reasons, with attention to the period necessary for catechetical formation. However, it is necessary to safeguard that the Cathedral, places of formation such as seminaries, shrines and pilgrimage sites proceed immediately to implement the 50:50 formula. Moreover, even in the parishes, visiting Bishops and priests must not be prevented from celebrating according to the unitary mode, for instance on the occasion of funerals or sacramental celebrations, notifying the parish priest in time and giving information to the faithful.

In addition, Your Grace has the competence to evaluate the advisability of dissolving and reconstituting the consultative organs envisioned by canon law and other committees.

I ask Your Grace to inform this Dicastery regularly, through the Apostolic Nunciature in India, about the measures you take in the Archeparchy.

Remaining at your disposal for any clarification or assistance and grateful for the precious collaboration, I am, with prayerful best wishes and profound regards in Christ

Sincerely yours,

✠ Leonardo Card. Sandri
Prefect

Rev. Flavio Pace
Under-Secretary

2.

പ്രത്യേകമായി ആരാധനക്രമസംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച്, ലിറ്റർജി വിഷയത്തിൽ സിനഡിന്റെ തീരുമാനങ്ങളും പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശങ്ങളും പാലിക്കുന്നതിന് ആവശ്യമായ ഫലപ്രദമായ ബോധനം അഭിവന്ദ്യ പിതാവ് ഉറപ്പുവരുത്തേണ്ടതാണ്. പൗരസ്ത്യസഭാനിയമസംഹിതയിലെ 1538-ാം കാനൻ ഒന്നാം ഖണ്ഡിക പ്രകാരം ഒഴിവുകൾ നൽകുമ്പോൾ, 2022 മാർച്ച് 25-ാം തീയതി പരിശുദ്ധ പിതാവ് നൽകിയ പിതൃസഹജമായ ഉത്ബോധനത്തിലെയും 2020 നവംബർ 9-ാം തീയതി ഈ കാര്യാലയം നൽകി കത്തിലെയും (പ്രോട്ടോ. ന. 248/2004) പ്രത്യേക നിർദേശങ്ങൾ അഭിവന്ദ്യ പിതാവു പാലിച്ചിരിക്കണം. ഒരു 'പ്രത്യേക സാഹചര്യ'ത്തിൽ, കൃത്യമായി നിശ്ചയിക്കപ്പെട്ടതും ഇതുവരെ തീർച്ചപ്പെടുത്തിയിരുന്നതിനെക്കാൾ ദീർഘവുമായ ഒരു കാലഘട്ടത്തിലേക്കുപോലും, പ്രത്യേക കാരണങ്ങളാൽ, ബോധനപരമായ രൂപീകരണത്തിനാവശ്യമായ സമയത്തിനു പ്രത്യേക ശ്രദ്ധ കൊടുത്തുകൊണ്ട് ഇടവകകൾക്ക് ഒഴിവു നൽകാവുന്നതാണ്. എന്നിരുന്നാലും, കത്തീഡ്രൽ ദൈവാലയം, പരിശീലനകേന്ദ്രങ്ങളായ സെമിനാരികൾ, പ്രത്യേക പ്രാധാന്യമുള്ള ദൈവാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ, ഇടവക വികാരിയെ യഥാസമയം അറിയിച്ചുകൊണ്ടും അതുവഴി വിശ്വാസികൾക്ക് അറിയിപ്പുകൊടുത്തുകൊണ്ടും, മൃതസംസ്കാരശുശ്രൂഷകളുടെയും കൂദാശകളുടെ പരികർമ്മത്തിന്റെയും അവസരങ്ങളിൽ ഇടവക സന്ദർശിക്കുന്ന മെത്രാൻമാരെയോ വൈദികരെയോ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽനിന്നു തടയാൻ പാടുള്ളതല്ല.

കൂടാതെ, സഭാനിയമം അനുശാസിക്കുന്ന കാനോനിക സമിതികളും ഇതര കമ്മിറ്റികളും പിരിച്ചുവിടുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതിലെ ഔചിത്യത്തെക്കുറിച്ചും വിലയിരുത്താനുള്ള അധികാരം അഭിവന്ദ്യ പിതാവിന് ഉണ്ടായിരിക്കുന്നതാണ്.

അതിരൂപതയിൽ അങ്ങ് സ്വീകരിക്കുന്ന നടപടികളെകുറിച്ച് ഇന്ത്യയിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചർവഴി ഈ കാര്യാലയത്തെ പതിവായി വിവരമറിയിക്കാൻ അഭിവന്ദ്യ പിതാവിനോടു ഞാൻ ആവശ്യപ്പെടുന്നു.

ഏതങ്കിലും വിധത്തിലുള്ള വിശദീകരണത്തിനോ സഹായത്തിനോവേണ്ടിയുള്ള അങ്ങയുടെ ആവശ്യങ്ങളിൽ സംലഭ്യത അറിയിച്ചുകൊണ്ടും വിലയേറിയ സഹകരണത്തിനു നന്ദി പറഞ്ഞുകൊണ്ടും എന്റെ പ്രാർഥനാപൂർവകമായ ആശംസകളും ക്രിസ്തുവിലുള്ള അഗാധമായ ആദരവും അർപ്പിക്കുന്നു.

ആത്മാർത്ഥതയോടെ,

ഒപ്പ്
ലെയണാർദോ കർദിനാൾ സാന്ദ്രി
പ്രീഫെക്ട്

ഒപ്പ്
ഫാ. ഫ്‌ളാവിയോ പാച്ചെ
അണ്ടർ സെക്രട്ടറി

APOSTOLIC NUNCIATURE
IN INDIA

**Under embargo until**
**30 July 2022**
**15.30 hrs**

New Delhi, 29 July 2022

N. 2881/22/IN

Your Grace,

I hereby hasten to communicate to you that His Holiness Pope Francis has accepted the resignation of Most Rev. Antony Kariyil, CMI as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly.

At the same time, His Holiness Pope Francis has appointed you as Apostolic Administrator *sede plena* of the Archeparchy of Ernakulam-Angamaly. A copy of the relevant Decree will be made available in due time.

The announcement of the above will be made public in Rome on Saturday, 30th July 2022, at noon, corresponding to 15:30 hours Indian Standard Time. Until then, this news is to be maintained under seal of the Pontifical Secret.

Whilst entrusting your new ministry to the maternal protection of the Blessed Virgin Mary and the Apostle St. Thomas, I assure you of my prayers and support.

With fraternal regards and best wishes, I remain

Yours sincerely in Christ,

+ Leopoldo Girelli

Archbishop Leopoldo Girelli
*Apostolic Nuncio*

---

His Grace
**Most Reverend Mar Andrews THAZHATH**
Archbishop of Trichur
Catholic Archbishop's House

TRICHUR – 680 005 (Kerala)

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

## Taking Possession of Office by Mar Andrews Thazhath
## Apostolic Administrator of Ernakulam-Angamaly

I, ARCHBISHOP ANDREWS THAZHATH, having been appointed Apostolic Administrator *sede plena* of the Archeparchy of Ernakulam-Angamaly by HIS HOLINESS POPE FRANCIS and communicated the same by Leonardo Cardinal Sandri, the Prefect of the Dicastery for Eastern Churches, through the letter dated 30 July 2022 (Prot. N. 130/2022), hereby take charge of the Office of Apostolic Administrator of Ernakulam-Angamaly. I do hereby declare that I will fulfill my duties and responsibilities with fidelity to the faith of the Holy Catholic Church, in obedience and loyalty to His Holiness Pope Francis, in accordance with the instructions from the Dicastery for the Eastern Churches given in my letter of appointment, in communion with the Synod Bishops of the Syro-Malabar Church and with His Beatitude Cardinal Mar George Alencherry, Major Archbishop of the Syro-Malabar Church and the Metropolitan Archbishop of Ernakulam-Angamaly. May God bless me to fulfill this Office of the Apostolic Administrator *sede plena* of the Archeparchy of Ernakulam-Angamaly which I now assume with my hand on the Bible, the Word of God and as a proof of which I put my signature here under!

**Archbishop Andrews Thazhath**

Major Archbishop's House, Ernakulam
Date: 30 July 2022

In the presence of:

**Archbishop Antony Kariyil**

**Msgr. Hormis Myatty**
Syncellus, Archeparchy of Ernakulam-Angamaly

Seal of the Archeparchial Curia

**സർക്കുലർ: 07/2022**

**ജൂലൈ 30, 2022**

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സലമക്കളേ,

എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ അതിരൂപത പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിൽനിന്നു സമൃദ്ധമായ കൃപയും അനുഗ്രഹങ്ങളും ആദ്യമേ ഞാൻ ആശംസിക്കുന്നു.

പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി എന്നെ നിയമിച്ചിരിക്കുകയാണല്ലോ. വളരെ ഭാരിച്ച ഉത്തരവാദിത്വമാണ് ഇതെന്നു ഞാൻ മനസിലാക്കുന്നു. എന്റെ പരിമിതികളും പ്രയാസങ്ങളും അറിയിച്ചെങ്കിലും ദൈവപരിപാലനയിൽ ആശ്രയിച്ച് ഫ്രാൻസിസ് മാർപാപ്പയുടെ ഈ കല്പന അനുസരണത്തിൽ കീഴിൽ ഞാൻ ഏറ്റെടുത്തിരിക്കുകയാണ്. ഒരു താൽക്കാലിക സംവിധാനമായിട്ടാണ് ഞാൻ ഈ നിയമനത്തെ മനസ്സിലാക്കുന്നത്.

തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് എന്ന ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ടാണ് ഈ പുതിയ ദൗത്യം മാർപാപ്പ എന്നെ ഏൽപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ ശക്തമായ പ്രാർത്ഥനയും നിർലോഭമായ സഹകരണവും ഇല്ലാതെ എനിക്ക് ഈ ഉത്തരവാദിത്വം നിർവഹിക്കുക സാധ്യമല്ല. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയോടും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തോടും സീറോമലബാർസഭയുടെ പിതാവും തലവനും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപോലീത്തൻ ആർച്ച്ബിഷപ്പുമായ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടും മെത്രാന്മാരുടെ സിനഡിനോടും ചേർന്നു നമ്മുടെ ഈ അതിരൂപതയിലെ

വൈദികരുടെയും സമർപ്പിതരുടെയും ദൈവജനം മുഴുവന്റെയും സഹകരണത്തോടെ മാത്രമേ ഈ ദൗത്യം നിർവഹിക്കാനാവൂ എന്ന് ഞാൻ മനസിലാക്കുന്നു.

സീറോമലബാർസഭയിലെ കേന്ദ്രസ്ഥാനത്തുള്ള രൂപതയാണ് എറണാകുളം-അങ്കമാലി അതിരൂപത. ക്രിസ്തുവാകുന്ന മൂലക്കല്ലിൽ അപ്പസ്തോലന്മാരാകുന്ന അടിത്തറമേൽ പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട നാം അന്യരോ പരദേശികളോ അല്ല, ദൈവഭവനത്തിലെ അംഗങ്ങളാണ് (എഫേ. 2:19-22); ആത്മീയഭവനമായി പണിതുയർത്തപ്പെടുവാൻ വിളിക്കപ്പെട്ടവരാണ് (1 പത്രോ. 2, 5). അതിനാൽ, സഭയിലെ ഒരു അതിരൂപത എന്ന നിലയിൽ വെല്ലുവിളികളുടെ മധ്യത്തിലും ദൈവഭവനത്തിലെ മക്കളെന്ന നിലയിൽ (റോമാ 8, 14-17; ഹെബ്രാ. 3, 5-6) നമുക്ക് ഒന്നുചേർന്ന് മുന്നേറാം. പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ ദൈവഹിതത്തിന് വിധേയപ്പെട്ട് നമുക്ക് ഒറ്റക്കെട്ടായി പ്രതിസന്ധികളെ തരണം ചെയ്യാം; എറണാകുളം-അങ്കമാലി അതിരൂപതയെ ഒന്നുചേർന്ന് നമുക്ക് മുന്നോട്ടു നയിക്കാം.

മേജർ ആർച്ച് ബിഷപ്പിന്റെ വികാരി എന്ന നിലയിൽ 2019 ആഗസ്റ്റ് മുതൽ നമ്മുടെ അതിരൂപതയുടെ ഭരണനിർവ്വഹണം നടത്തിയ ആർച്ചുബിഷപ്പ് ആന്റണി കരിയിൽ സി.എം.ഐ. പിതാവിന് നമ്മുടെ അതിരൂപതയുടെ പേരിൽ കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു. നമ്മുടെ അതിരൂപതയ്ക്ക്വേണ്ടിയും മണ്ഡ്യ രൂപതയ്ക്ക് വേണ്ടിയും അദ്ദേഹം ചെയ്ത കാര്യങ്ങൾ എന്നും ഓർമിക്കപ്പെടും. പിതാവിന്റെ ഭാവിജീവിതത്തിനു എല്ലാവിധ ദൈവാനുഗ്രഹവും ആയുരാരോഗ്യവും നേരുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മുടെ അതിരൂപതയിൽ ഏർപ്പെടുത്തിയ പുതിയ ഭരണസംവിധാനം ദൈവഹിതമായി സ്വീകരിച്ച് എല്ലാവരും സഹകരിക്കണമെന്നും നമ്മുടെ കൂട്ടായ്മയും ഐക്യവും നഷ്ടപെടുത്തുന്ന എല്ലാ പ്രവർത്തങ്ങളിൽനിന്നും വിട്ടുനിൽക്കണമെന്നും എല്ലാവരോടും സ്നേഹത്തോടെ അഭ്യർ

ത്ഥിക്കുന്നു. അതിരൂപതയുടെ തുടർന്നുള്ള ഭരണക്രമങ്ങളെക്കുറിച്ചു പരിശുദ്ധ പിതാവിന്റെ നിർദ്ദേശമനുസരിച്ചുള്ള കാര്യങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്. മാർപാപ്പ ഭരമേല്പിച്ച ഈ ഉത്തരവാദിത്വം ദൈവവും സഭയും ഇവിടത്തെ ദൈവജനവും ആഗ്രഹിക്കുന്ന രീതിയിൽ നിർവഹിക്കുവാൻ നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം. നിങ്ങളെല്ലാവരുടെയും സ്നേഹപൂർണമായ സഹകരണം ഞാൻ അഭ്യർഥിക്കുന്നു.

പിതാവിന്റെ സ്നേഹം നമ്മോടുകൂടെയുണ്ടായിരിക്കട്ടെ! ഈശോയുടെ തിരുഹൃദയം നമ്മെ സംരക്ഷിക്കട്ടെ! പരിശുദ്ധാത്മാവ് നമ്മുടെ ചിന്തകളെയും ആലോചനകളെയും പ്രകാശിപ്പിക്കട്ടെ! പരിശുദ്ധ അമ്മയും വിശുദ്ധ തോമാശ്ലീഹയും നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

# കച്ചേരിക്കാര്യം

## ആർച്ചുബിഷപ് ആന്റണി കരിയിൽ സി.എം.ഐ. വിരമിച്ചു

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപിന്റെ വികാരിയായിരുന്ന അഭിവന്ദ്യ ആന്റണി കരിയിൽ മെത്രാപ്പോലീത്ത 2022 ജൂലൈ 30-ാം തീയതി തൽസ്ഥാനത്തുനിന്ന് വിരമിച്ചു. തന്റെ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ച സാഹചര്യത്തിലാണ് പിതാവ് വിരമിച്ചത്.

## ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി സ്ഥാനമേറ്റു

തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്തിനെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഇതോടനുബന്ധിച്ചുള്ള പ്രഖ്യാപനം 2022 ജൂലൈ 30-ാം തീയതി വത്തിക്കാൻ സമയം 12.00 മണിക്ക് വത്തിക്കാനിലും, ഇന്ത്യൻ സമയം 3.30-ന് എറണാകുളത്തും നടത്തപ്പെടുകയുണ്ടായി. അന്നേ ദിവസംതന്നെ ആർച്ചുബിഷപ് ആന്റണി കരിയിൽ, വെ. റവ. ഫാ. ഹോർമിസ് മൈനാട്ടി (സിഞ്ചെല്ലൂസ്) എന്നിവരുടെ സാന്നിദ്ധ്യത്തിൽ എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ വച്ച് ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് പിതാവ് സ്ഥാനമേറ്റെടുത്തു.

**ചാൻസലർ**

---

**ബ. വൈദികരുടെ വാർഷിക ധ്യാനം 2022**

**ബാച്ച് 5 – സെപ്റ്റംബർ 4 – 9**

**സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോം, എടക്കുന്ന്.**

## മദ്ധ്യസ്ഥപ്രാർത്ഥന

സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയിലും കൂദാശകളിലും യാമപ്രാർത്ഥനയിലും പിതാക്കന്മാർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഇനിമുതൽ താഴെ കൊടുത്തിരിക്കുന്നവിധം ചൊല്ലേണ്ടതാണ്.

*"....സാർവ്വത്രികസഭയുടെ പിതാവും തലവനുമായ മാർ ഫ്രാൻസിസ് പാപ്പായ്ക്കും ഞങ്ങളുടെ സഭയുടെ പിതാവും തലവനും അതിരൂപതാദ്ധ്യക്ഷനുമായ മേജർ ആർച്ചുബിഷപ് മാർ ജോർജ് മെത്രാപ്പോലീത്തായ്ക്കും, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആന്ഡ്രൂസ് മെത്രാപ്പോലീത്തായ്ക്കും...."*

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

---

# അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സാമൂഹ്യപ്രവർത്തനത്തിൽ (Social Work) ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. ഡിസ്റ്റോ കദളിക്കാട്ടിൽ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "The Content and Context of Family Life Education"

# അനുമോദനങ്ങൾ!!!



എറണാകുളം-അങ്കമാലി അതിരൂപതാ **പ്രോട്ടോ സിഞ്ചെല്ലൂസ്** ആയി നിയമിതനായിരിക്കുന്ന **റവ. ഡോ. വർഗീസ് പൊട്ടയ്ക്കൽ** അച്ചനും,



**സിഞ്ചെല്ലൂസ്** ആയി നിയമിതനായിരിക്കുന്ന **മോൺസിഞ്ഞോർ ആന്റണി പെരുമായൻ** അച്ചനും,







ചാൻസലർ **റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ** അച്ചനും, വൈസ് ചാൻസലർ **റവ. ഡോ. സോണി മഞ്ഞളി** അച്ചനും ഫിനാൻസ് ഓഫീസർ **റവ. ഫാ. പോൾ മാടശ്ശേരി** ക്കും അതിരൂപതയുടെ സ്നേഹംനിറഞ്ഞ സ്വാഗതവും പ്രാർത്ഥനാശംസകളും!!!

**I. Responsibilities of V. Rev. Fr. Varghese Pottackal, Proto Syncellus**

1. Fr. Varghese Pottackal is entrusted with the responsibility of coordinating all the activities related to the Parishes and Filial churches in the following Foranes:
   1) Angamaly, 2) Edappally, 3) Kizhakkambalam, 4) Koratty, 5) Manjapra, 6) Thripunithura, 7) Vaikom, 8) Vallam.

2. He is also entrusted with the responsibilities of coordinating the following:
   - Archdiocesan Institutions' Central Office (AICO)
   - Education Council, Corporate Education Agency
   - Pious Associations and Organizations
   - Family Apostolate and Counselling
   - Family Units and Parish Renewal
   - Media & Communication (Pilgrims)
   - Hospitals and Schools managed by Parishes
   - Mother Theresa Hostel, Thuthiyoor

**II. Responsibilities of Msgr. Antony Perumayan, Syncellus**

1. Msgr. Antony Perumayan is entrusted with the responsibility of coordinating all the activities related to the Parishes and Filial churches in the following Foranes:
   1) Cherthala, 2) Ernakulam, 3) Kanjoor, 4) Karukutty, 5) Mookkannoor, 6) Moozhikkulam, 7) Pallippuram, 8) Paravur.

2. He is also entrusted with the responsibilities of coordinating the following:
   - Men & Women Religious, Secular Institutes, Institutes of Apostolic Life
   - Departments of Liturgy, Bible Apostolate, Catechesis & Moral Education, Ecumenism & Interreligious Dialogue, Evangelization and Prayer Groups, and Sacred (Liturgical) Music
   - Priests' Welfare Scheme
   - Retreat for Sacristans

3. The following shall be taken care of in collaboration with Fr. Martin Kallungal, Chancellor:
   - Spiritual and material welfare of all priests of the Archeparchy as well as those working in the Archeparchy.
   - Ongoing Formation of Priests, Priests' Annual Retreats, common celebrations, etc.
   - Formation: Minor & Major Seminarians, Regents
   - Higher Studies of Priests both in India and abroad

* * * * *

## നന്ദി...





സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറി പോകുന്ന എറണാകുളം-അങ്കമാലി അതിരൂപതാ **സിഞ്ചെല്ലൂസ്** മാരായ **റവ. ഡോ. ഹോർമിസ് മൈനാട്ടി** അച്ചനും, **റവ. ഡോ. ജോസ് പുതിയേടത്ത്** അച്ചനും, **റവ. ഡോ. ജോയ് അയിനിയാടൻ** അച്ചനും,





ചാൻസലർ, എറണാകുളം മിസ്സം എഡിറ്റർ - എന്നീ നിലകളിൽ സേവനം ചെയ്ത **റവ. ഡോ. വർഗീസ് പെരുമായൻ** അച്ചനും, വൈസ് ചാൻസലർ **റവ. ഫാ. പോൾ (ജസ്റ്റിൻ) കൈപ്രമ്പാടനും** ഫിനാൻസ് ഓഫീസർ **റവ. ഫാ. സെബാസ്റ്റ്യൻ മാണിക്കത്തൊനും** അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും!!!

*28/04/2022-ൽ നൽകപ്പെട്ട Prot. No. ES/01/22 ഡിക്രി പ്രകാരം (എറണാകുളം മിസ്സം, മെയ് 2022, പേജ് 20) 2022-2027 കാലയളവിലേക്കുള്ള വൈദികസമിതിയുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചെങ്കിലും, അതിരൂപതാ നേതൃത്വത്തിൽ മാറ്റം വന്ന സാഹചര്യത്തിൽ പൂർത്തിയാക്കാൻ സാധിച്ചില്ല. ആയതിനാൽ, 2022-2027 കാലയളവിലേക്കുള്ള വൈദികസമിതിയെ തിരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പു കമ്മറ്റിയെ നിയോഗിച്ചുകൊണ്ട് 2022 ആഗസ്റ്റ് 26-ന് അതിരൂപതാ അഡ്മിനിസ്ട്രേറ്റർ ആൻഡ്രൂസ് താഴത്ത് പിതാവ് പുറപ്പെടുവിച്ച ഡിക്രി.*

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

Prot. No: **ES/04/22** 26-08-2022

DECREE

I hereby appoint Rev. Fathers Kuriakose Mundadan, Joy Kannampuzha and Paul Chittinappilly members of the Election Committee for the election to the Presbyteral Council for the next five years (2022-2027) as per Part III (Election) of the Constitution for the Presbyteral Council of the Major Archeparchy of Ernakulam-Angamaly. Rev. Fr. Kuriakose Mundadan will be the convener. Rev. Fr. Martin Kallungal will be an invitee in the committee representing the Apostolic Administrator.

**Archbishop Andrews Thazhath**
Apostolic Administrator
Archeparchy of Ernakulam-Angamaly

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

Fr. Sony Manjaly
Vice-Chancellor

# Transfers/Appointments

## August 2022

| | |
|---|---|
| Ainiyadan Joy | Angamaly - L.F. Hospital, Director |
| Cherikathadam Jacob | Pothy - Santhom Bhavan |
| Kaiprampadan Justine | Ernakulam - Viani Printings, Manager |
| Kakkattuchira Thomas (Jimmy) | Kalamassery - Social Welfare Centre, Director (Addl.) |
| Kallungal Martin | Archdiocesan Chancellor & PRO (Public Relation Officer) |
| Kanjirakattukari Peter (Saneesh) | Valliara & Ulavaipu, Pro. Vicar |
| Kattezhath Alex | Varapuzha, Vicar (Addl.) |
| Kilukkan Mathew (Manjul) | Relieved - PRO (Public Relation Officer) |
| Kottakkal Paul (Jr.) | Pothy - Santhom Bhavan, Director |
| Madassery Paul (Jr.) | Archdiocesan Finance Officer |
| Mangalath Mathew | Elavoor - Yanam, Chaplain |
| Manikathan Sebastian | Kudavechoor, Vicar (Sept. 20, 2022) |
| Manjaly Sebastian (Sony) | Archdiocesan Vice-Chancellor, Office Secretary & Director Archdiocesan Internet Mission |
| Mynatty Hormis | Ernakulam - Lisie Hospital, Spiritual Director |
| Padinjarepallattil Joseph | Kolengai, Vicar |
| Perumayan Antony Msgr | Archdiocesan Syncellus |
| Perumayan Varghese (Biju) | Medical Leave |
| Poochakat Abraham | Pothy - Santhom Bhavan |
| Pottackal Varghese (Joshy) | Archdiocesan Proto Syncellus |
| Punnackal Paul (Pinto) | Secretary to the Apostolic Administrator + Archdiocesan Asst. Finance Officer |
| Puthenmanayil Kuriakose | Pothy - Santhom Bhavan |
| Puthiyedath Jose | Paravur North (Kottakkavu), Vicar |
| Thottupuram John | Neerpara - Assisi Convent, Chaplain |

## September 2022

| | |
|---|---|
| Palathingal Jerin | Muppathadam, Pro Vicar |
| Maliekkal Tony | Chittoor - St. Thomas Church, Chaplain (Addl.) |
| Vazhapilly Sebastian | Eloor, Vicar |
| Thamaravely Joseph | Bible Apostolate, Director (Addl.) |
| Puthussery Joshy | Archdiocesan Liturgical Committee, Director (Addl.) |
| Cheramthuruthy Anto | Relieved - Archdiocesan Liturgical Committee, Director |
| Madathumpady Antony | Co-signatory, Social Welfare Centre, Kalamassery (Addl.) |
| Poovannikunnel Jose CSsR | Varapuzha, Priest-in-charge |
| Kattezhath Alex | Relieved - Varapuzha, Priest-in-charge |
| Immanuel SJ | Kuttipuzha, Asst. Vicar |

**Chancellor**

## SUSPENSION

Since Fr. Joseph Kodiyan belonging to the parish of Holy Cross Church, Chendamangalam in the Archeparchy of Ernakulam-Angamaly has seriously violated ecclesiastical discipline, he is suspended from the exercise of Holy Orders with immediate effect. Hence, he is not to be permitted to exercise any function of the Holy Orders in any Catholic Church or institution anywhere in India or abroad.

By order

Chancellor 14-08-2022

## വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

### ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12AB

ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12AB പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പള്ളികളും സ്ഥാപനങ്ങളും 2021-22 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത ഓഡിറ്റ് റിപ്പോർട്ട് ഇൻകം ടാക്സ് പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി **2022 സെപ്തംബർ 30** ആണ്. ഓഡിറ്റ് റിപ്പോർട്ട് യാഥാസമയം സമർപ്പിച്ചില്ലെങ്കിൽ ഇൻകം ടാക്സ് ഇളവുകൾ ലഭ്യമല്ലാതാക്കുകയും വരുമാനത്തിനു മുഴുവൻ നികുതി നൽക്കേണ്ടതായും വരും.

**ഫാ. പോൾ മാടശ്ശേരി**
**അതിരൂപതാ ഫിനാൻസ് ഓഫീസർ**

---

# വാർത്തകളും വിശേഷങ്ങളും

## സീറോമലബാർസഭയ്ക്ക് മൂന്ന് പുതിയ മെത്രാൻമാർകൂടി

30-ാമത് സീറോമലബാർ മെത്രാൻസിനഡിന്റെ രണ്ടാം സമ്മേളനത്തിൽ (2022 ആഗസ്റ്റ് 16-25) മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തലശ്ശേരി അതിരൂപതാംഗം ഫാ. അലക്സ് താരാമംഗലത്തെയും, ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി പാലാ രൂപതാംഗം ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതാംഗം ഫാ. തോമസ് പാടിയത്ത് എന്നിവരെയും തെരഞ്ഞെടുത്തു.

## രണ്ട് ഭാരതീയർ ഉൾപ്പെടെ 20 പുതിയ കർദിനാൾമാർ

2022 ആഗസ്റ്റ് 27-ന് ഫ്രാൻസിസ് മാർപാപ്പ വിളിച്ചുകൂട്ടിയ കൺസിസ്റ്ററിയിൽ രണ്ട് ഭാരതീയർ ഉൾപ്പെടെ 20 പേരെ കർദിനാൾ പദവിയിലേക്ക് ഉയർത്തി. ഗോവ ആർച്ചുബിഷപ് ഫിലിപ്പ് നേരി ഫെറാവോ, ഹൈദരാബാദ് ആർച്ചുബിഷപ് ആന്റണി പൂള എന്നിവരാണ് ഇന്ത്യയിൽ നിന്നുള്ള പുതിയ കർദിനാൾമാർ. നവ കർദിനാൾമാരെ ഫ്രാൻസിസ് മാർപാപ്പ സ്ഥാനചിഹ്നങ്ങൾ (ചുവന്ന തൊപ്പി, മോതിരം) അണിയിക്കുകയും, അവർക്ക് റോമിൽ സ്ഥാനിക ദേവാലയങ്ങൾ നിശ്ചയിച്ചു നൽകുകയും ചെയ്തു. 20 പേർ കർദിനാൾമാർ ആയതോടുകൂടി സംഘത്തിന്റെ അംഗസംഖ്യ 226 ആയി ഉയർന്നു. ഇതിൽ 132 പേർക്കാണ് മാർപാപ്പയെ തെരഞ്ഞെടുക്കുന്നതിനുള്ള 'കോൺക്ലേവിൽ' ഇപ്പോൾ സമ്മതിദാനാവകാശമുള്ളത്. മംഗോളിയ, പരഗ്വായ്, സിംഗപ്പൂർ, പൂർവ്വ തിമോർ എന്നീ രാജ്യങ്ങൾ ഉൾപ്പെടെ 89 രാജ്യങ്ങളിൽനിന്നുള്ളവർ കർദിനാൾ സംഘത്തിലുണ്ട്. ഇതുവരെ ഫ്രാൻസിസ് മാർപാപ്പ 112 പേർക്ക് കർദിനാൾ പദവി നൽകി. ഭാരതത്തിൽനിന്നും കർദിനാൾ പദവിയിലെത്തിയവരിൽ ഇന്നുള്ളത് ആറ് പേരാണ്.

## FABC - യുടെ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി

ഏഷ്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ സംഘങ്ങളുടെ സംയുക്ത സമിതിയുടെ (Federation of Asian Bishops' Conferences) അമ്പതാം പൊതു സമ്മേളനം 2022 ആഗസ്റ്റ് 22 മുതൽ ബാങ്കോക്കിൽ നടന്നുവരികയാണ്. 50-ാം സ്ഥാപന വാർഷികം കൂടി ഈ വർഷം ആചരിക്കുന്നു. ഈ സമ്മേളനത്തിൽ മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി ഫിലിപ്പീൻസ് സ്വദേശി കർദിനാൾ ലൂയീസ് അന്തോണിയോ തഗ്ലെ പങ്കെടുക്കും. ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള സംഘത്തിന്റെ അദ്ധ്യക്ഷനാണ് കർദിനാൾ തഗ്ലെ. 1970-ലാണ് ഏഷ്യയിലെ കത്തോലിക്കാമെത്രാന്മാരുടെ സംഘങ്ങളുടെ സംയുക്തസമിതി സ്ഥാപിതമായത്.

* * * * *

# വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ: 2022 ഒക്ടോബർ 02 ഞായർ

1. പാഠഭാഗങ്ങൾ ഹൃദിസ്ഥമാക്കാനും, അർഹിക്കുന്ന ഗൗരവത്തോടെ പരീക്ഷയ്ക്ക് ഒരുങ്ങുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

2. ഒക്ടോബർ 1-ന് ഫൊറോന കേന്ദ്രങ്ങളിൽ നിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരപേപ്പറുകളും, സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്.

3. പരീക്ഷയുടെ സമയം രാവിലെ 10.30 മുതൽ 12.30 വരെയാണ്. പരീക്ഷ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൃത്യസമയത്തു തന്നെയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനെക്കുറിച്ച് അറിയാമല്ലോ. പരീക്ഷയുടെ സമയക്രമത്തിൽ കോവിഡ് കാലത്തു നല്കിയ ചില ഇളവുകൾ ദുരുപയോഗത്തിന് ഇട നൽകിയിട്ടുള്ളതിനാൽ, മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും പരീക്ഷാദിവസം രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള സമയക്രമം നിർബന്ധമായി പാലിക്കണം. അങ്ങനെ അല്ലാത്ത യൂണിറ്റുകളിൽനിന്ന് സ്കോളർഷിപ്പിന് അർഹതയുള്ളവരെ സ്വീകരിക്കുന്നതല്ല.

4. **പരീക്ഷയുടെ സിലബസ്** *(വചനദീപം)*
11, 12 ക്ലാസ്സുകൾ (പേജ് 43), 10-ാം ക്ലാസ്സ് (പേജ് 36), 4 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ (പേജ് 31-32), 1, 2, 3 ക്ലാസ്സുകൾ (പേജ് 29). ലോഗോയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

5. 1, 2, 3 ക്ലാസ്സുകളിലേക്കുള്ള മാതൃക ചോദ്യപേപ്പർ സെപ്റ്റംബർ 28 ശനിയാഴ്ച മുതൽ കാറ്റികോർപ്പിൽ ലഭ്യമാണ്. ആവശ്യമായ ചോദ്യങ്ങൾ അതിൽ നിന്നും സെലക്റ്റ് ചെയ്തു പരീക്ഷ നടത്തുമല്ലോ.

6. ചോദ്യപേപ്പറുകൾ എണ്ണത്തിൽ കുറവുണ്ടെങ്കിൽ പരീക്ഷാദിവസം (02/10/2022) രാവിലെ 10.30-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. 10.30 മുതലാണ് ചോദ്യപേപ്പറുകൾ ലഭ്യമാകുന്നത്.

7. പരീക്ഷ എഴുതുന്ന IV മുതൽ IX വരെയുള്ള ക്ലാസ്സുകളിലെ കുട്ടിയുടെ വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക എന്നിവ ഉത്തരക്കടലാസിന്റെ മുകളിൽ രേഖപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലൊ.

8. പത്താം ക്ലാസ്സ്, ഡിപ്ളോമ കോഴ്സ് എന്നിവ സെമസ്റ്റർ രീതിയിലാണ് എന്ന കാര്യം ഓർക്കുമല്ലൊ. ഒന്നാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 2 നും രണ്ടാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ മാത്രം ഉൾപ്പെടുത്തി രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 29 നും (ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ) നടത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രണ്ടു സെമസ്റ്ററിലെ പരീക്ഷയ്ക്കും ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 14 മാർക്ക് കിട്ടിയാലെ ജയിച്ചതായി കണക്കാക്കുകയുള്ളു. ഇന്റേണൽ അസസ്സ്മെന്റ് 10-ൽ 4 മാർക്കും കിട്ടിയിരിക്കണം. പരീക്ഷയ്ക്കുശേഷം ഉത്തരപേപ്പറുകൾ രജിസ്റ്റർ നമ്പറിന്റെ ക്രമമനുസരിച്ച് പായ്ക്ക് ചെയ്ത്, സീൽ ചെയ്ത് അന്നുതന്നെ (02/10/2022) ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. വിവിധ ക്ലാസ്സുകളിലെ ഉത്തരപേപ്പറുകൾ തമ്മിൽ കൂടിക്കലരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കഴിഞ്ഞ വർഷം ചെയ്തതുപോലെ X, XI, XII ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അതത് യൂണിറ്റുകളുടെ സീലോടുകൂടിയ പേപ്പറുകൾ ഉപയോഗിക്കുക. X, XI, XII ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരപേപ്പറിൽ പൂർണ്ണമായ രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതിയിരിക്കണം.

ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ: X, XII ക്ലാസ്സുകളിലെയും IV മുതൽ IX വരെയുള്ള ക്ലാസ്സുകളിലെയും XI -ാം ക്ലാസ്സിലെയും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി ഒക്ടോബർ 16-ാം തീയതിയാണെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു (*വചനദീപം,* പേജ് 42 നോക്കുക).

**മൂല്യനിർണ്ണയം**

1. IV മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (02/10/2022) ഉച്ചകഴിഞ്ഞ് 1.00 മണിക്ക് കാറ്റികോർപ്പ് പാരീഷ് ലോഗിൻ

ചെയ്ത് Notifications & Uploads- ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

2. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം ഫൊറോന കേന്ദ്രങ്ങളിൽ വച്ചാണ് നടക്കുക. ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. അതിനുള്ള ക്രമീകരണങ്ങൾ ഫൊറോന കൗൺസിൽ ചെയ്യുന്നതായിരിക്കും

3. IV മുതൽ IX വരെയും XI -ാം ക്ലാസ്സിലെയും ഉത്തരക്കടലാസുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ IV മുതൽ IX: 35-ൽ 28 ഉം, XI: 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ള ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും ഒക്ടോബർ 15-ാം തീയതിക്കകം ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ ഉത്തരക്കടലാസുകൾ വീണ്ടും അതിരൂപതാതലത്തിൽ റിവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക (വചനദീപം, പേജ് 41-42, 82-84). XI -ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. മുൻവർഷങ്ങളിലെ പോലെ പതിനൊന്നും പന്ത്രണ്ടും ക്ലാസ്സിലെ മാർക്കുകൾ കണക്കാക്കി പന്ത്രണ്ടാം ക്ലാസ്സിലാണ് സ്കോളർഷിപ്പ് കൊടുക്കുന്നത് എന്ന വിവരം അറിയാമല്ലൊ.

4. മൂല്യനിർണ്ണയത്തിൽ ഉത്തരങ്ങളെപ്പറ്റിയുള്ള ആഴമായ അറിവും, കൃത്യതയും, വ്യക്തതയും ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹമായ ഉത്തരക്കടലാസുകളിൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകന്റെയോ/അധ്യാപികയുടെയോ പേരും ഒപ്പും ഫോൺ നമ്പറും ഉണ്ടായിരിക്കണം. Answer key നോക്കി ഉത്തരവാദിത്വത്തോടെ മൂല്യനിർണ്ണയം നടത്തുക. നീതിബോധവും, സത്യസന്ധതയും പാലിക്കണം. അതിരൂപതയിൽ മൂല്യനിർണ്ണയം നടത്തുമ്പോൾ 80 ശതമാനം മാർക്കില്ലാത്ത പേപ്പറുകൾ തിരിച്ചയക്കുന്നതാണ്. ഒക്ടോബർ 15-നു ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിനുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചോദ്യപേപ്പറിനോടൊപ്പം ഓരോ ഇടവകയ്ക്കും നൽകുന്ന ഫോമിൽ തന്നെ ഒന്നാം സെമസ്റ്ററിലെ മാർക്ക് എഴുതുക. നാലാം ക്ലാസ്സുമുതൽ തുടർച്ചയായി ഫോമിൽ എഴുതിചേർക്കാൻ ശ്രദ്ധിക്കുക.

**പുനഃപരീക്ഷ**

1. ഒക്ടോബർ 2-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (Std. 4, 5, 6, 7, 8, 9) പതിവുപോലെ ഇടവകയിൽ തന്നെ പുനഃപരീക്ഷ നടത്തേണ്ടതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

2. X, XI, XII പുനഃപരീക്ഷകൾ അതിരൂപതാതലത്തിൽ ആയിരിക്കും നടത്തുക. മുൻവർഷങ്ങളിൽ X, XI, XII ക്ലാസ്സുകളിലേയും പരീക്ഷ ജയിക്കാത്തവർക്കും എഴുതാത്തവർക്കുമുള്ള പുനഃപരീക്ഷയും നടത്തുന്ന തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**2022-2023 ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

ഒന്നാം വർഷ ഡിപ്ലോമ Ist Session: 2022 ഒക്ടോബർ 3, 4, 5 തീയതികളിൽ. 3-ാം തീയതി രാവിലെ 9.15 ന് കലൂർ റിന്യൂവൽ സെന്ററിൽ എത്തിച്ചേരണം (കാർഡിനൽ വിതയത്തിൽ ഹാൾ). 5-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചുപോകാം.

രണ്ടാം വർഷ ഡിപ്ലോമ Ist Session: 2022 ഒക്ടോബർ 22, 23, 24 തീയതികളിൽ. 22-ാം തീയതി രാവിലെ 9.15 ന് കലൂർ റിന്യൂവൽ സെന്ററിൽ എത്തിച്ചേരണം (കാർഡിനൽ വിതയത്തിൽ ഹാൾ). 24-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചുപോകാം.

പരീക്ഷ: കോഴ്സ് ആരംഭിക്കുന്ന ദിവസം അറിയിക്കുന്നതാണ്. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.

**2022 ആഗസ്റ്റ് മാസത്തിൽ നടന്ന പരിപാടികൾ:**

| | |
|---|---|
| 13 ശനി | : എൻലൈറ്റ്- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, സെബിപുരം |
| 13 ശനി | : എൻലൈറ്റ്- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ദേവഗിരി |
| 14 ഞായർ | : എലൈവ്- ലിറ്റിൽ ഫ്ളവർ ചർച്ച്, എളംകുളം |
| 18 ശനി | : എൻലൈറ്റ്- സെന്റ് റീത്താസ് ചർച്ച്, സൗത്ത് ചമ്പന്നൂർ |
| 18 ശനി | : എൻലൈറ്റ്- സെന്റ് തോമസ് ചർച്ച്, പുല്ലുവഴി |
| 21 ഞായർ | : എലൈവ്- വ്യാകുല മാതാ ചർച്ച്, കൈപ്പട്ടൂർ |
| 28 ഞായർ | : എലൈവ്- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, N. കിടങ്ങൂർ |

മഞ്ഞപ്ര, മൂക്കന്നൂർ, എറണാകുളം, അങ്കമാലി, വല്ലം, കാഞ്ഞൂർ ഫൊറോനാ വികാരിമാർക്കും, ഈ ഏകദിന ശില്പശാല ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും അവിടുത്തെ വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി. നേതൃത്വം നൽകിയ ഫൊറോന കാറ്റിക്കിസം കൗൺസലിനും നന്ദി.

**2022 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന പരിപാടികൾ:**

| | | | |
|---|---|---|---|
| 04 ഞായർ | : എലൈവ് | - | വൈക്കം ഫൊറോന |
| 10 ശനി | : എൻലൈറ്റ് | - | കറുകുറ്റി ഫൊറോന |
| 11 ഞായർ | : എലൈവ് | - | മൂഴിക്കുളം ഫൊറോന |
| 18 ഞായർ | : എലൈവ് | - | ചേർത്തല ഫൊറോന |
| 21 ബുധൻ | : എൻലൈറ്റ് | - | പള്ളിപ്പുറം ഫൊറോന |

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---



# നിര്യാതരായി



## സി. ജാൻസി FCC

പ്രൊവിൻഷ്യൽ ഹൗസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 15-01-1936 |
| വ്രതവാഗ്ദാനം | : | 07-05-1962 |
| മരണം | : | 23-08-2022 |



## സി. ഇമ്മാനുവൽ മയ്യാളത്ത് SD

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 16-02-1930 |
| വ്രതവാഗ്ദാനം | : | 06-01-1955 |
| മരണം | : | 17-08-2022 |

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

### 2022 സെപ്റ്റംബർ - ഒക്ടോബർ

**വിവാഹഒരുക്ക ധ്യാനം (MPR)**

| | |
|---|---|
| സെപ്റ്റംബർ 05-07 (കലൂർ) | ഒക്ടോബർ 03-05(കലൂർ) |
| സെപ്റ്റംബർ 13-15 (കാലടി) | ഒക്ടോബർ11-13(കാലടി) |
| സെപ്റ്റംബർ 19-21 (കലൂർ) | ഒക്ടോബർ 17-19(കലൂർ) |
| സെപ്റ്റംബർ 20-22 (കാലടി) | ഒക്ടോബർ 25-27(കാലടി) |
| സെപ്റ്റംബർ 27-29 (കാലടി) | ഒക്ടോബർ 31-02(കലൂർ) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

സെപ്റ്റംബർ 02-04

**പേരന്റിംഗ് ധ്യാനം** (Contact: 8078334522)

സെപ്റ്റംബർ 09-11

**യൂദിത്ത് ഷൈൻ വിധവാ ധ്യാനം** (Contact: 9400836249)

സെപ്റ്റംബർ 16-18

**ദമ്പതി ധ്യാനം** (Contact: 8078334522)

സെപ്റ്റംബർ 22-25

**അനുയാത്ര (ഓൺലൈൻ)**

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

സെപ്റ്റംബർ 11

**ഫാമിലി ഔവർ**

സെപ്റ്റംബർ 06, 13, 20, 27- ഹോളി ഫാമിലി സിസ്റ്റേഴ്സ്
സെപ്റ്റംബർ 03 - യൂദിത്ത്ഫോറം
സെപ്റ്റംബർ 05 - എസ്.ഡി സിസ്റ്റേഴ്സ്
സെപ്റ്റംബർ 17 - എം. സി. സി

**സ്നേഹജ്വാല (പാരന്റിംഗ് സെമിനാർ)**

സെപ്റ്റംബർ 11 - കുറ്റിപ്പാറ
സെപ്റ്റംബർ 25 - ചേർത്തല- മുട്ടം

**വിവാഹോത്സവ്**

സെപ്റ്റംബർ 03 - കൊരട്ടി, കറുകുറ്റി
സെപ്റ്റംബർ 10 - അങ്കമാലി, മഞ്ഞപ്ര
സെപ്റ്റംബർ 17 - മൂക്കന്നൂർ, മൂഴിക്കുളം
സെപ്റ്റംബർ 24 - കാഞ്ഞൂർ, വല്ലം
(1972, 1997 വർഷങ്ങളിൽ വിവാഹിതരായവർ)

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## ബൈബിൾ അപ്പോസ്റ്റലേറ്റ്

2022 ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫലപ്രദമായി പൂർത്തിയാക്കുവാൻ സഹകരിച്ച വികാരിയച്ചന്മാർക്കും ലോഗോസ് കോർഡിനേറ്റേഴ്സ്, പ്രധാനാദ്ധ്യാപകർ, സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർക്കും ഹൃദയംഗമായ നന്ദി.

ലോഗോസ് ക്വിസ് പരീക്ഷ **2022 സെപ്തംബർ 25-ാം തീയതി ഉച്ചതിരിഞ്ഞ് 2.00 മുതൽ 3.30 വരെ** അതാത് സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു. *പരീക്ഷയുടെ ചോദ്യപേപ്പർ പായ്ക്കറ്റുകൾ 24-ാം തീയതി ഫൊറോനാ ആനിമേറ്റർ സിസ്റ്റേഴ്സിന്റെ അടുക്കൽ നിന്ന് കൈപ്പറ്റാവുന്നതാണ്. *ഓരോ സെന്ററിലേക്കുമുള്ള രജിസ്റ്റർ നമ്പറുകളടങ്ങിയ ഹാൾ ടിക്കറ്റ് സെപ്തംബർ 17-ാം തീയതി മുതൽ ലോഗോസ് വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. പരീക്ഷയ്ക്കു മുമ്പായി അവ ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## 'സഹൃദയ ടെക്കിന്' ശുചിത്വമിഷൻ അംഗീകാരം പുതുക്കി ലഭിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ സേവനദാതാവായി പ്രവർത്തിക്കുന്നതിനുള്ള സംസ്ഥാന സർക്കാർ ശുചിത്വ മിഷന്റെ അംഗീകാരം അടുത്ത മൂന്നു വർഷത്തേക്ക് കുടി സഹൃദയ ടെക്കിന് പുതുക്കി ലഭിച്ചു. ബയോഗ്യാസ് പ്ലാന്റുകൾ, കംപോസ്റ്റിങ് സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, സോളാർ ഓൺ ഗ്രിഡ് പവർ സിസ്റ്റം, സോളാർ വാട്ടർ ഹീറ്ററുകൾ തുടങ്ങിയവ നടപ്പാക്കുന്നതിനുള്ള സഹൃദയയുടെ പ്രത്യേക വിഭാഗമാണ് 'സഹൃദയ ടെക്ക്'. ഫോൺ:8943710720

## സഹൃദയ കർഷകദിനാചരണം

സഹൃദയയുടെ ആഭിമുഖ്യത്തിൽ കാലടി സെന്റ് ജോർജ് പള്ളിയുടെ സഹകരണത്തോടെ കർഷകദിനാചരണം സംഘടിപ്പിച്ചു. കർഷക സംഗമം, പരമ്പരാഗത കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, വിള ഉത്പന്നങ്ങൾ തുടങ്ങിയവയുടെ പ്രദർശനം, സഹൃദയ സംഘാംഗങ്ങൾ തയ്യാറാക്കിയ നാടൻ വിഭവങ്ങളുടെ വിപണനമേള, ഫൊറോനതല ഓണ മത്സരങ്ങൾ, ഓണം വിപണന മേള എന്നിവയും നടത്തി. എസ്. എസ്, എൽ.സിയ്ക്കും പ്ലസ് ടുവിനും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 50 വിദ്യാർത്ഥികൾക്ക് സഹൃദയയുടെ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

## കർഷകസഭയും കാർഷികപ്രദർശനവും

വൈറ്റില കൃഷി അസിസ്റ്റൻറ് ഡയറക്ടർ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ സഹൃദയയുടെ സഹകരണത്തോടെ ബ്ലോക്കിന്റെ പ്രവർത്തനപരിധിയിലുള്ള ഏഴ് കൃഷിഭവനുകളിൽ നിന്നുള്ള കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ബ്ലോക്കുതല കർഷകസഭയും കാർഷികപ്രദർശനവും പൊന്നുരുന്നി സഹൃദയയിൽ സംഘടിപ്പിച്ചു. കാർഷിക ഉപകരണങ്ങളുടെ പ്രദർശനം, നടീൽ വസ്തുക്കളുടെ വിപണനം, മൊബൈൽ മണ്ണ് പരിശോധനാ

ലബോറട്ടറിയുടെ സഹകരണത്തോടെയുള്ള മണ്ണ് സാംപിൾ പരിശോധന എന്നിവയും കർഷക സഭയുടെ ഭാഗമായിരുന്നു.

**ഭിന്നശേഷിക്കാർക്ക് സംരംഭകത്വ വികസന പരിശീലനം**

സഹൃദയ, യൂണിയൻ ബാങ്ക്, നെല്ലാട് ദേശീയ ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രം, ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എനേബിൾ ഇന്ത്യ' എന്നിവരുമായി സഹകരിച്ച് പറവൂർ കച്ചേരിപ്പടി സഹൃദയ റീജണൽ ഓഫീസിൽ ഭിന്നശേഷിക്കാർക്കായി സംഘടിപ്പിച്ച ദശദിന സംരംഭകത്വ വികസന പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 21 പേർ പരിശീലനത്തിൽ പങ്കെടുത്തു.

**മാലിന്യ പരിപാലന സെമിനാർ**

എറണാകുളം സെ. ആൽബർട്സ് കോളേജ് സുവോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിഗ്രി, പി.ജി വിദ്യാർത്ഥികൾക്കായി മാലിന്യ പരിപാലനം, മണ്ണിര കംപോസ്റ്റിങ് എന്നിവയെക്കുറിച്ച് സഹദയയുടെ നേതൃത്വത്തിൽ സെമിനാര് നടത്തി.

**കുടുംബസംഗമം**

സേവ് എ ഫാമിലി പ്ലാൻ വഴി സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങളുടെ സംഗമം അങ്കമാലി സുബോധന, ചേർത്തല സഹൃദയ സെൻറർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**സഹൃദയ ഫെസ്റ്റ്**

തൃക്കാക്കര ലിറ്റിൽ ഫ്ളവർ, വൈറ്റില സെന്റ് ഡാമിയൻ, പെരുമാനൂർ ഇടവകകളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു. കാർഷിക, നടൻ വിഭവ പ്രദർശനം, ആരോഗ്യ ക്യാമ്പ് എന്നിവയും നടത്തി.

**മനുഷ്യക്കടത്ത് വിരുദ്ധദിനാചരണം**

സഹൃദയ റയിൽ വേ ചൈൽഡ് ലൈനിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ മനുഷ്യക്കടത്ത് വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു.

**ഇൻക്ലൂസിസ് പദ്ധതി**

ഓട്ടിസം, സെറിബ്രൽ പാൾസി, പഠനവൈകല്യം, ഡൗൺ സിൻഡ്രോം

തുടങ്ങിയവ ബാധിതരായവരും പ്ലസ് ടു വിജയിച്ചവരുമായവരിൽ കംപ്യൂട്ടർ ജോലികൾ ചെയ്യാൻ താത്പര്യമുള്ളവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് ജോലി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഇൻക്ലൂസിസ് പദ്ധതി വഴി സഹൃദയ നടപ്പാക്കിവരുന്നു. ആദ്യഘട്ടമായി 16 പേർക്ക് പരിശീലനം നൽകി. രണ്ടു പേർക്ക് ഫെഡ് സെർവ് ഇൻഫോ പാർക്കിൽ ജോലി ലഭിച്ചു. ഒരാൾക്ക് ജില്ലാ ട്രഷറിയിലും ജോലി ലഭിച്ചു. കേരളം സാക്ഷരതാ മിഷന്റെ പാലക്കാട് ജില്ലയിലെ പി.എൽ.എ. ഫോം, കേരളം നോളഡ്ജ് മിഷന്റെ ഡാറ്റ ട്രാൻസ്ക്രിപ്ഷൻ ജോലികളും സമയബന്ധിതമായി ചെയ്തുകൊടുക്കാൻ കഴിഞ്ഞു.

**സഹൃദയ സംഘം വാർഷികം**

വിവിധ വില്ലേജുകളിൽ പ്രവർത്തിക്കുന്ന സഹൃദയ സംഘങ്ങളുടെ വാർഷികം നടത്തി.

**സഹൃദയ ഓണാഘോഷം**

സഹൃദയ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വില്ലേജ് തലത്തിൽ ഓണാഘോഷവും ഓണമത്സരങ്ങളും സംഘടിപ്പിച്ചു. മത്സരവിജയികൾക്കായി ഫൊറോനാ തലങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചു. ഓണം വിപണന മേളയും നടത്തി. എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസുകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും വിതരണം ചെയ്തു.

**ഓണക്കിറ്റ്**

സഹൃദയ സംഘാംഗങ്ങൾ തയ്യാറാക്കിയ നാടൻ ഓണവിഭവങ്ങളടങ്ങിയ ഓണക്കിറ്റ് അനിമേറ്റർമാർ വഴി വിതരണം ചെയ്തുവരുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂലൈ 29 | നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി, പൊങ്ങം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂലൈ 22 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഓഗസ്റ്റ് 02 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഓഗസ്റ്റ് 03 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഓഗസ്റ്റ് 08 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഓഗസ്റ്റ് 09 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഓഗസ്റ്റ് 10 | ജിയോ സെന്റർ, ചക്കരപ്പറമ്പ്, |
| | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഓഗസ്റ്റ് 11 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഓഗസ്റ്റ് 16 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ഓഗസ്റ്റ് 18 | സുബോധന, അങ്കമാലി |
| ഓഗസ്റ്റ് 22 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

AICO-യുടെ ഡയറക്ടറായി സേവനം ചെയ്തിരുന്ന അതിരൂപതാ സിഞ്ചെല്ലൂസ് റവ. ഫാ. ജോസ് പുതിയേടത്തിന്റെ സ്ഥലംമാറ്റത്തോട നുബന്ധിച്ച് AICO-യിൽവച്ച് ഓഗസ്റ്റ് 19-ന് യാത്രയയപ്പ് നൽകി.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# നൈപുണ്യ ഇന്റർനാഷണൽ

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you -!

- Study, work & settle in your dream destinations- Canada, UK, Germany, Australia, New Zealand and other exciting countries.
- January 2023 intake is open.... Start your IELTS preparation immediately.
- IELTS offline & online classes (New batches on all Mondays)

- **Talent Track**

### പ്രതിഭാസംഗമം 2022

ഫൊറോനകളിലെ എല്ലാ ഇടവകകളിൽനിന്നും ഫൊറോന തലത്തിൽ ഇക്കൊല്ലം10, 12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കായി പ്രതിഭാസംഗമവും, അനുമോദനം മീറ്റിംഗും, കരിയർ ഗൈഡൻസ് പ്രോഗ്രാമും സംഘടിപ്പിച്ചു. 13 ഫൊറോനകളിൽനിന്നും 436 കുട്ടികൾ പങ്കെടുക്കുകയും സർട്ടിഫിക്കറ്റും സമ്മാനവും വിതരണം ചെയ്യുകയും ചെയ്തു. ഫാ. ജോൺ സൺ വടക്കുഞ്ചേരി, ഫാ. സെബാസ്റ്റ്യൻ പൊട്ടോളി, സി. ആൻസി പുത്തൻപുര യ്ക്കൽ DSHs, റൂബി സന്തോഷ്, ഷാരോൺ ജോസഫ് എന്നിവർ പ്രതിഭാ സംഗമത്തിന് നേതൃത്വം നൽകി. ബഹുമാനപ്പെട്ട ഫൊറോന വികാരി മാരുടേയും, നൈപുണ്യ ഫൊറോന കോ-ഓർഡിനേറ്റേഴ്സ് ആയ ബഹു മാനപ്പെട്ട അച്ചന്മാരുടെയും ആത്മാർത്ഥമായ സഹകരണം ഏറ്റവും നന്ദി യോടെ അനുസ്മരിക്കുന്നു.

**സ്വാഗതം**

നൈപുണ്യ ഇന്റർനാഷണലിന്റെ പുതിയ ഡയറക്ടർ ആയി ഉത്തരവാദിത്വം ഏറ്റെടുത്ത ബഹു. സജി കണ്ണാപറമ്പൻ അച്ചന് സ്വാഗതവും പുതിയ മേഖല യിൽ വിജയവും നേരുന്നു.

**നന്ദി...**

മൂന്ന് വർഷത്തെ സേവനത്തിനുശേഷം സ്ഥലം മാറിപോകുന്ന ബഹു. ജോൺസൺ വടക്കുഞ്ചേരി അച്ചന് നൈപുണ്യ ഇന്റർനാഷണൽ ഫാമിലിയുടെ നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. സമയം: വൈകിട്ട് 6.00 മുതൽ 7.00 വരെ (ഓൺലൈൻ), ശനി-രാവിലെ 10.00 മുതൽ 12.00 വരെ (ഓഫ് ലൈൻ).

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് ഓഫ് ലൈൻ ബാച്ചുകൾ (A1, A2)
2. സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1 & A2)
3. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചുകൾ (2022-2023)
4. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ ആരംഭിച്ചു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **PROGRAMS (September)**

- UGC NET PAPER I & II - Online and Offline

- BANK coaching (New admission all Mondays)
- SSC -CGL,CHSL, MTS coaching (offline regular) (New admission all Mondays)
- PSC - Degree, Plus two, 10th level (offline regular)
- Entrance Two Year Course (ETC) (Std. XI & XII)
- Entrance Preparatory Course (EPC) Std. VIII, IX, X
- IELTS -Regular, Online& Offline (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കിവരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജൂലൈ 2022**

30 ആന്റണി കരിയിൽ പിതാവ് രാവിലെ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ 'വലിയ കുടുംബങ്ങളുടെ' യോഗത്തിൽ പങ്കെടുത്തു.

ആൻഡ്രൂസ് താഴത്ത് പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ (*Sede plena*) ആയി ചുമതല ഏറ്റെടുത്തു.

31 ആന്റണി കരിയിൽ പിതാവ് പരിയാരം സി.എം.ഐ. ആശ്രമത്തിലേക്കു താമസംമാറി.

**ആഗസ്റ്റ് 2022**

1 ആൻഡ്രൂസ് താഴത്ത് പിതാവ് മേജർ ആർച്ചുബിഷപ്സ് ഹൗസിൽ ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

1 – 5 കെ.സി.ബി.സി.

4 ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് കത്തിഡ്രൽ ബസിലിക്കയിൽ നടന്ന പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്തു.

11 ആൻഡ്രൂസ് താഴത്ത് പിതാവ്, മേവള്ളൂരിൽ ബ. ജോർജ് പുത്തൻപുര അച്ചന്റെ സഹോദരന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

16–25 സീറോമലബാർ മെത്രാൻ സിനഡ്.

28 ആൻഡ്രൂസ് താഴത്ത് പിതാവ്, കൈപ്പട്ടൂരിൽ ബ. ഹോർമിസ് മരോട്ടിക്കുടി അച്ചന്റെ വന്ദ്യമാതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

* * * * *

## സാന്തോം ഭവൻ, പൊതി, കലയത്തുംകുന്ന്




എറണാകുളം-അങ്കമാലി അതിരൂപതാ വൈദികർക്കായുള്ള
പുതിയ വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം
06/08/2022-ൽ മാർ തോമസ് ചക്യത്ത് പിതാവ് നിർവഹിച്ചു





RNI No. 3421/57
Date of Publication: 01-09-2022
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




## സെപ്റ്റംബർ 8
### പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese